₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 9
Issue 7

**January 2021**

pages 24

"യിസ്രായേലേ, നീ മനംതിരിയുമെങ്കിൽ എന്റെ അടുക്കലേക്കു മടങ്ങി വന്നു കൊൾക എന്നു യഹോവയുടെ അരുളപ്പാട്; നിന്റെ മ്ലേച്ഛവിഗ്രഹങ്ങളെ എന്റെ മുമ്പിൽ നിന്നു നീക്കിക്കളയുമെങ്കിൽ നീ അലഞ്ഞു നടക്കേണ്ടി വരികയില്ല"

**(യിരമ്യാവ് 4:1)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L L I F E V O I C E

**Volume 9 Issue 7 January 2021 pages 24 Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, Sebastian M.V. എന്ന പേരിൽ ക്രോസ്സ്ഡ് ചെക്ക് അയയ്ക്കുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 109**


## ഉള്ളടക്കം

പേജ്


- **ഇവയെക്കുറിച്ചു ചിന്തിക്കുക** 3
- **പ്രതികരണങ്ങൾ** 6
- **തൃശ്ശൂരിലെ താരപ്പേട്ടൻ** (5) 8
- **സഭാനവീകരണം** (2) 12
- **പുതിയനിയമത്തിലൂടെ യാത്ര**(14) 15
- **പരിശുദ്ധാത്മാവ്** (32) 18
- **ഇമ്മാനുവിന്റെ സംശയങ്ങൾ**(32) 21
- **കർഷകസമരം** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ഇവയെക്കുറിച്ചു ചിന്തിക്കുക

**".....think about these things."**
(Philippians 4:8)

ഇവയെക്കുറിച്ചു നാം ചിന്തിക്കണം എന്നും പറഞ്ഞ് അപ്പൊസ്തലനായ പൗലൊസ് ഏഴു കാര്യങ്ങൾ ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ''....സത്യമായത് ഒക്കെയും, ഘനമായത് ഒക്കെയും, നീതിയായത് ഒക്കെയും, നിർമ്മലമായത് ഒക്കെയും, രമ്യമായത് ഒക്കെയും, സൽകീർത്തിയായത് ഒക്കെയും, സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ'' (ഫിലിപ്പിയർ 4:8). ഇവിടെ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു ഒരു വിശ്വാസി ചിന്തിച്ചുകൊണ്ടിരുന്നാൽ അവന്റെ ക്രിസ്തീയജീവിതം കൂടുതൽ അഴകുള്ളതാകും എന്നുറപ്പാണ്.

### 1. സത്യമായത് ഒക്കെയും

അസത്യത്തിന്റെ വിളയാട്ടമാണ് എവിടെയും കാണുന്നത്. ജയിക്കാൻ, ലാഭം ഉണ്ടാക്കാൻ... എല്ലാറ്റിനും കൂട്ടുപിടിക്കുന്നത് അസത്യത്തെ മാത്രം! പിശാച് ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനുമാകുന്നു എന്നു കർത്താവ് പറഞ്ഞു. പക്ഷേ ആര് കേൾക്കാൻ? ദൈവമക്കളുടെ പേരിൽ നിരവധി കേസുകൾ കോടതിയിലും പോലീസ് സ്റ്റേഷനിലും ഉണ്ട്. ഇവിടെയെല്ലാം രണ്ടു ഗ്രൂപ്പുകളായി നിന്നു എതിർഗ്രൂപ്പിനെ തോൽപ്പിക്കാനായി അസത്യങ്ങളുടെ ഭാണ്ഡക്കെട്ടുകൾ പൊട്ടിച്ച് വിതറുന്നു.

രോഗശാന്തി, അന്യഭാഷ, ഭൂതശാന്തി, പ്രവചനം, സാക്ഷ്യം പറച്ചിൽ എന്നിവയിലെല്ലാം അസത്യത്തിന്റെ പ്രകടമായ സാന്നിധ്യമാണ് പലപ്പോഴും കാണുന്നത്. മനുഷ്യന് എപ്പോഴും അസത്യത്തോടാണ് ചായ്വുള്ളത്. ഏദെനിൽ കഴിഞ്ഞിരുന്ന ഹവ്വ, ദൈവം പറഞ്ഞ സത്യത്തേക്കാൾ വിശ്വസിച്ചത് പിശാച് പറഞ്ഞ അസത്യമായിരുന്നുവല്ലോ. കസ്റ്റമേഴ്സിനെ ആകർഷിക്കാനായി തയ്യാറാക്കുന്ന പരസ്യങ്ങൾ നോക്കൂ. എല്ലാറ്റിലും അസത്യമല്ലേ? സിഗരറ്റിന്റെ പരസ്യം നോക്കൂ: ഉന്മേഷം വീണ്ടെടുക്കൂ! ആരോഗ്യത്തിനു ഹാനികരമായ കാര്യമാണ് എന്ന് ചെറിയ അക്ഷരത്തിൽ എഴുതിവച്ചിട്ട്, അതേ കാര്യം ചെയ്താൽ ഉന്മേഷം കിട്ടുമെന്ന്!

വെളുക്കാൻ, ബുദ്ധിയും ഓർമ്മശക്തിയും വർദ്ധിപ്പിക്കാൻ, മുടി തഴച്ചു വളരാൻ, കുടവയർ കുറയാൻ എന്നൊക്കെപ്പറഞ്ഞ് വിപണിയിൽ ലഭ്യമായ ഉല്പന്നങ്ങളുടെ പരസ്യങ്ങളിലെ അസത്യങ്ങൾ വിശ്വസിക്കാൻ എത്രയോ ആളുകൾ തയ്യാറാണ്! നിർത്തിയിട്ടിരിക്കുന്ന ലോറികളുടെ മുകളിലൂടെ നായകൻ ബൈക്ക് പറപ്പിക്കുന്നു; സായുധരായി വന്ന അമ്പതോളം അക്രമികളെ നായകൻ നിരായുധനായി ഒറ്റയ്ക്ക് നിന്നു നേരിടുന്നു; മന്ത്രിയുടെ നേരെ അക്രമി വെടി വച്ചപ്പോൾ നായകൻ പിന്നാലെ ഓടിച്ചെന്ന് ആ വെടിയുണ്ട കയ്യിൽ പിടിച്ച് മന്ത്രിയെ രക്ഷിക്കുന്നു... സിനിമയിൽ കാണുന്ന, ഒരിക്കലും നടക്കാൻ സാധ്യതയില്ലാത്ത ഇത്തരം കാര്യങ്ങൾ യാതൊരു വൈക്ലബ്യവുമില്ലാതെ വിഴുങ്ങാൻ പ്രേക്ഷകർക്ക് കഴിയുന്നത് അവർ അസത്യത്തെ സ്നേഹിക്കുന്നതുകൊണ്ടു മാത്രമാണ്.

ദൈവജനം സത്യത്തെ സ്നേഹിക്കണം. സത്യം എന്നാൽ എന്ത്? (യോഹന്നാൻ 18:38). (1) യേശുക്രിസ്തു (യോഹന്നാൻ 14:6); (2) ദൈവവചനം (യോഹന്നാൻ 17:17). ഇതാണ് സത്യം. ഈ സത്യത്തെ നാം സ്നേഹിക്കണം. ചിന്തിച്ചുകൊള്ളണം. പറഞ്ഞു ജയിക്കാനും, അപരനെ തോല്പിക്കാനും, സ്വന്തം മഹത്വം ഉയർത്താനുമായി പടച്ചുവിടുന്ന അസത്യങ്ങളെ നാം ഒഴിഞ്ഞിരിക്കുക.

**2. ഘനമായത് ഒക്കെയും**

ഗൗരവമായ (ഘനമായ) കാര്യങ്ങൾ നാം ചിന്തിക്കണം. നമ്മെ സംബന്ധിച്ചിടത്തോളം ഘനമായ കാര്യങ്ങൾ വചനത്തിൽ പറയുന്നവയാണ്. മനുഷ്യൻ പറയുന്ന ഏതു നിസ്സാരവാക്കിനും കണക്കുബോധിപ്പിക്കേണ്ടി വരുമത്രേ (മത്തായി 12:36). കർത്താവിന്റെ വരവ്, സുവിശേഷീകരണസാധ്യതകൾ എന്നിങ്ങനെ ഘനമായവ ചിന്തിക്കേണ്ടതിനു പകരം, കൂട്ടുസഹോദരനെ ഒതുക്കുന്നതിനെപ്പറ്റിയും, പേരും പ്രശസ്തിയും എങ്ങനെ നേടാം എന്നതിനെപ്പറ്റിയും ചിന്തിച്ച് ദൈവജനം തങ്ങളുടെ സമയം പാഴാക്കുന്നത് ഒഴിവാക്കണം.

**3. നീതിയായത് ഒക്കെയും**

നീതിയുടെ ഭാഗത്ത് നാം നിലകൊള്ളണം. വ്യക്തിതാല്പര്യങ്ങളും, വ്യക്തിബന്ധങ്ങളും നോക്കി നാം അനീതിയുടെ ഭാഗത്ത് നിൽക്കരുത്. ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയെ അന്ധമായി നാം പിന്താങ്ങരുത്. തെറ്റ് ആരു ചെയ്താലും തെറ്റു തന്നെയാണ്. ശരിയും അതുപോലെത്തന്നെ. അനീതിയാണ് ഇവിടെ കളം നിറഞ്ഞാടുന്നത്. ഓഫീസുകളിൽ, പോലീസ്സ്റ്റേഷനുകളിൽ, കോടതികളിൽ, ജയിലുകളിൽ എല്ലാം അനീതിയുടെ അഴിഞ്ഞാട്ടം നാം കാണുന്നു.

**4. നിർമ്മലമായത് ഒക്കെയും**

ഞാൻ വിശുദ്ധനായിരിക്കയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ. അശ്ലീലസാഹിത്യം, അശ്ലീല ശില്പങ്ങൾ, അശ്ലീല വീഡോയോകൾ... ഇതെല്ലാം വർദ്ധിക്കുന്നതും, ആളുകൾ ഇതെല്ലാം ഇഷ്ടപ്പെടുന്നതും നിർമ്മലമായത് ചിന്തിക്കാത്തതുകൊണ്ടാണ്. ദൈവജനത്തിന്റെ മധ്യേയുള്ള വിദ്യാർത്ഥികളും യുവാക്കളും പ്രേമത്തിന്റെ പിടിയിൽ പെടുന്നതും നിർമ്മലമായത് ചിന്തിക്കാത്തതുകൊണ്ടാണ്. നിർമ്മലമായത് ചിന്തിച്ചാൽ തെറ്റായ പ്രവൃത്തികളെ ഒഴിഞ്ഞിരിക്കാനായി കഴിയും.

**5. രമ്യമായത് ഒക്കെയും**

പരമാവധി ആളുകളോട് രമ്യതയോടെ നീങ്ങാൻ എങ്ങനെ കഴിയും എന്നു ചിന്തിക്കുന്നവരാകണം നാം; അതിനനുസരിച്ച് പെരുമാറുകയും ബന്ധങ്ങൾ കഴിയാവുന്നിടത്തോളം നിലനിർത്തുകയും വേണം. വിയോജിപ്പുകൾ ഉണ്ടാകുമ്പോൾ തന്നെ, യോജിക്കാവുന്ന മേഖലകളിൽ യോജിക്കണം. എങ്കിൽ കുടുംബബന്ധങ്ങൾ, സഭാബന്ധങ്ങൾ, സമൂഹത്തിലെ ബന്ധങ്ങൾ എല്ലാം കുറെയൊക്കെ നിലനിർത്താൻ നമുക്കു കഴിയും.

**6. സൽകീർത്തിയായത് ഒക്കെയും**

നമ്മെക്കുറിച്ച് ആളുകൾ നല്ലത് പറയുവാൻ ഇടയാവണം. അത്തരം കാര്യങ്ങളെക്കുറിച്ചു നാം ചിന്തിക്കണം. നാം ദ്രവ്യാഗ്രഹികളാണെന്നോ, വാക്കു പാലിക്കാത്തവരാണെന്നോ, മദ്യപിക്കുന്നവരാണെന്നോ, വഴക്കാളികളാണെന്നോ, വ്യഭിചാരികളാണെന്നോ നമ്മെക്കുറിച്ച് ആരും പറയാൻ ഇടയാകരുത്. നല്ല പേരുണ്ടാക്കുന്ന തരം (സൽകീർത്തിയായത്) കാര്യങ്ങൾ മാത്രം നാം ചിന്തിക്കുക.

**7. സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും**

നല്ല ഗുണനിലവാരമുള്ളവരാകാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നുണ്ട്. അപ്രകാരം ആകണമെങ്കിൽ സൽഗുണമായതു ചിന്തിക്കണം. ആളുകൾ നമ്മെക്കുറിച്ചു നല്ലതു പറയാൻ (പുകഴ്ച) സംഗതിയാവട്ടെ. വചനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ലഭിക്കുന്ന പുകഴ്ചയേ നമുക്കു വേണ്ടൂ. ദൈവത്തിൽനിന്നും ലഭിക്കുന്ന പുകഴ്ചയാണ് നമുക്ക് ആവശ്യമായിട്ടുള്ളത്.

ഒരു പുതിയവർഷം കൂടി നമുക്കു ലഭിച്ചിരിക്കുന്നു. ഈ പുതുവർഷത്തിൽ നമുക്ക് നമ്മുടെ ചിന്തകളെ കുറച്ചുകൂടി മെച്ചപ്പെടുത്താം. ചിന്തകൾ മെച്ചപ്പെടുമ്പോൾ വ്യക്തിയും മെച്ചപ്പെടും. ദൈവം നമ്മെ സഹായിക്കട്ടെ.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**

**ഫോൺ: 95 44 557 557**

## P. P. Mathai, Meemutty, Kozhikode

നവംബർമാസത്തിലെ മാസികയിൽ സീയോൻമലയെക്കുറിച്ച് എഴുതിയിരുന്നത് വളരെ പ്രയോജനകരമായിരുന്നു. ഏതു കാര്യം എഴുതുമ്പോഴും അതിന് തെളിവായി വാക്യങ്ങൾ കൊടുക്കുന്നതുകൊണ്ട്, എഴുതുന്ന കാര്യങ്ങൾ ശരിയാണോ എന്നു പരിശോധിക്കാൻ കഴിയുന്നുണ്ട്.

## Ruth James, Kalanjoor, Pathanmthitta

ഡിസംബർമാസത്തിൽ ടി. ജോൺമാത്യു എഴുതിയ *സഭാനവീകരണം-ചരിത്രപശ്ചാത്തലം* എന്ന ലേഖനം നന്നായിരുന്നു. ജോർജ് ഫിലിപ്പ് തെക്കേക്കര എഴുതിയ *പെന്തെക്കോസ്തുകാർ ക്രിസ്ത്യാനികളല്ല?* എന്ന ലേഖനവും വളരെ നന്നായി. മാർപ്പാപ്പമാരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്ന പുസ്തകം കത്തോലിക്കാസഭ തന്നെ പ്രസിദ്ധീകരിച്ചത് അതിശയമായി തോന്നി.

## Joy Nirappel, Varayal, Waynad

ഡിസംബർമാസത്തിലെ എഡിറ്റോറിയൽ (*സ്നാനപ്പെടാത്തവർ ക്രിസ്ത്യാനികളോ?*) വായിച്ചപ്പോൾ ഞാൻ ചെയ്തത് തെറ്റായിപ്പോയോ എന്ന പേടിയാണ് ഈ കത്തെഴുതാൻ കാരണം.

ക്യാൻസർ ബാധിച്ച ഒരു വ്യക്തിയോട് പല തവണ സുവിശേഷം പറഞ്ഞുവെങ്കിലും അദ്ദേഹത്തിനു അതിൽ താത്പര്യം തോന്നിയില്ല. കേൾക്കാൻ താത്പര്യമില്ല എന്നു അദ്ദേഹം പറയുകയും ചെയ്തു. എന്നാൽ ഒരു ദിവസം എന്നെ വിളിപ്പിച്ചു, ഞാൻ അദ്ദേഹത്തോട് സുവിശേഷം പറഞ്ഞു, അദ്ദേഹം യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം ഏതാനും മിനിറ്റുകൾക്കുള്ളിൽ അദ്ദേഹം മരിച്ചു. അദ്ദേഹം നിത്യതയിൽ ദൈവസന്നിധിയിൽ കാണില്ലേ?

അതുപോലെ പ്രായാധിക്യത്താൽ കിടപ്പിലായ ഒരു വ്യക്തിയോട് സുവശേഷം പറഞ്ഞു. അദ്ദേഹം കർത്താവിനെ രക്ഷകനായി സ്വീകരിച്ചു. സ്നാനപ്പെടണമെന്നു പറയുകയും ചെയ്തു. സ്നാനത്തിനു പറ്റാത്ത സാഹചര്യമായതുകൊണ്ട് അതു ചെയ്തില്ല. ഇത് തെറ്റായിപ്പോയോ?

(എഡിറ്റർ: ഏതെങ്കിലും വ്യക്തികളെ കേന്ദ്രീകരിച്ചോ, അവരുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലോ ബൈബിളിലെ ഉപദേശങ്ങളെ പഠിക്കുന്നതിനോടും പഠിപ്പിക്കുന്നതിനോടും എനിക്കു താത്പര്യമില്ല. വചനത്തിലെ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം നാം വചനസത്യങ്ങൾ പഠിക്കുക. വ്യക്തികളുടെ കാര്യങ്ങൾ ആ വചനത്തിന്റെ അടിസ്ഥാനത്തിൽ വേണം നാം വിധിക്കാൻ. അതിനുള്ള ധൈര്യം നമുക്കില്ലെങ്കിൽ, അഥവാ അത്തരം വിധി മറ്റുള്ളവർക്കു ഇടർച്ചയാകും എന്നു തോന്നൽ നമുക്കുണ്ടെങ്കിൽ 'വ്യക്തികളുടെ കാര്യം ദൈവം തീരുമാനിക്കട്ടെ' എന്നു പറഞ്ഞു നമുക്ക് ഒഴിഞ്ഞുമാറാവുന്നതാണ്.

മരണാസന്നനായി കിടക്കുന്ന ഒരു രോഗിയെ സംബന്ധിച്ചിടത്തോളം, അദ്ദേഹം മരണാസന്നനാകുന്നതിനു മുമ്പ് വിശ്വസിക്കാനും സ്നാനമേൽക്കാനും ധാരാളം അവസരമുള്ളവനായിരുന്നു. ആ അവസരങ്ങൾ അദ്ദേഹം പ്രയോജനപ്പെടുത്തിയില്ല. അദ്ദേഹം മരണാസന്നനായത് ദൈവത്തിന്റെ അറിവോടുകൂടിയാണ്. ദൈവം ഇനി അവസരം കൊടുക്കുന്നില്ലെങ്കിൽ അതേക്കുറിച്ച് നാം ഭാരപ്പെടേണ്ട കാര്യമില്ലല്ലോ.

'സ്നാനപ്പെടാത്തവർ ക്രിസ്ത്യാനികളോ?' എന്ന എഡിറ്റോറിയലിൽ ഞാൻ നാലു കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. അതിനു തെളിവുകളായി വാക്യങ്ങളും ചൂണ്ടിക്കാണിച്ചിരുന്നു. ആ തെളിവുകൾ ശരിയാണോ എന്നു വചനത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുക - വ്യക്തികളുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലല്ല. ആ വാക്യങ്ങൾ ശരിയാണെങ്കിൽ അവ നാം അംഗീകരിക്കുക. അല്ലെങ്കിൽ അതു തള്ളിക്കളയുക.)


## റിയൽ ലൈഫ് വോയ്സ്

ദൈവത്തിനു സ്തോത്രം!

**10-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു!**

ഒരു ലക്കം പോലും മുടങ്ങാതെ...

**എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ!**

*റിയൽ ലൈഫ് വോയ്സ്* വായിച്ചിട്ട് വിശ്വാസത്തിലേക്ക് വന്നവരുണ്ട്. വിശ്വാസത്തിൽ ഉറച്ചവരുണ്ട്. സ്നാനപ്പെടാൻ തീരുമാനിച്ചവരുണ്ട്. തെറ്റായ പല ഉപദേശങ്ങളും തിരുത്തിയവരും ഉണ്ട്. ഇതിലെ ലേഖനങ്ങളെ അടിസ്ഥാനമാക്കി പ്രസംഗക്കുറിപ്പുകൾ തയ്യാറാക്കുന്നവരുണ്ട്. അങ്ങനെ ഈ മാസിക പലർക്കും പല നിലകളിൽ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവം അനുവദിച്ചാൽ *റിയൽ ലൈഫ് വോയ്സ്* ഇനിയും തുടരും.

**(എഡിറ്റർ)**

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ 5

**-എംവിഎസ്-**

### വിശ്വാസവും സ്നാനവും

'കുഞ്ഞാട്ടിൻ തിരുരക്തത്താൽ' എന്ന പാട്ടിന്റെ രീതിയിൽ സഹോദരൻ സി.വി. താരപ്പൻ ഇപ്രകാരം ഗാനമെഴുതി:

യേശുവിൻ ദിവ്യസ്നേഹത്താൽ ഞാനെത്ര ധന്യനായ്
തൻ മാറ്റമില്ലാ വാഗ്ദത്തങ്ങളെനിക്കാശ്രയം
ദുഃഖങ്ങൾ തീർക്കും നിൻ ആശ്വാസവാക്കുകൾ
നിന്നിൽ നിന്നെപ്പോഴും കേൾക്കയാലേശുവേ
ശത്രുവിൻ അസ്ത്രങ്ങൾ ശക്തിയോടെയ്യുമ്പോൾ
നിശ്ചയം ജയമെനിക്കു

പാരമ്പര്യത്തിൽ ഊറ്റംകൊണ്ട്, ബൈബിളിൽ ഇല്ലാത്ത ഉപദേശങ്ങളും ചുമന്നുകൊണ്ട് ജീവിക്കുന്നവരാണ് ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും. തങ്ങൾ വിശ്വസിക്കുന്ന കാര്യങ്ങൾ ബൈബിളിൽ ഉണ്ടോ എന്നു പരിശോധിക്കാൻ പോലും പലരും മിനക്കെടാറില്ല. മറ്റെല്ലാ കാര്യങ്ങളിലും അന്വേഷണം നടത്തും; പക്ഷേ ആത്മികകാര്യങ്ങളിൽ മാത്രം അന്വേഷണമില്ല! അന്വേഷിപ്പിൻ; കണ്ടെത്തും എന്നു പറഞ്ഞിരിക്കുന്നത് ആത്മികകാര്യങ്ങളെക്കുറിച്ചാണ്.

വചനത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് തുനിയുന്നവർ സത്യം കണ്ടെത്തുകയും ആ സത്യം അവരെ സ്വതന്ത്രരാക്കുകയും ചെയ്യും. പാതിരിമാർ തീർത്ത പാരമ്പര്യത്തിന്റ ചങ്ങലയും വഹിച്ച് നടന്നിരുന്ന അനേകർ അങ്ങനെ സ്വതന്ത്രരായിട്ടുണ്ട്. അവർ യേശുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കും. അവർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേറ്റ് യേശുവിനോടു ചേരും. ഇങ്ങനെയാണ് ബൈബിളിലെ രീതി.

**സി.വി.താരപ്പൻ (1886–1958):**

**'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300–ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

ശിശുസ്നാനം പഠിപ്പിക്കുന്ന യാക്കോബായസഭയിൽ ജനിച്ചുവളർന്ന താരപ്പൻ കുറെ വർഷം യാക്കോബായസഭ എന്ന കിണറ്റിലെ ഒരു തവളയായിരുന്നു എന്നു പറയാം. ഇതിനപ്പുറം മറ്റൊന്നുമില്ല എന്ന മിഥ്യാധാരണയിൽ അദ്ദേഹം മുന്നോട്ടുപോയി. തങ്ങളുടെ പള്ളികളിൽ വരുന്നവരുടെ മുന്നിൽ സത്യത്തെ മൂടിവയ്ക്കാനുള്ള കഠിനാദ്ധ്വാനം അതാതു കൂട്ടങ്ങൾ ആത്മാർത്ഥമായി നടത്താറുണ്ട്. എന്നാൽ അതിനെ അതിജീവിച്ചുകൊണ്ട് ചിലർ ദൈവകൃപയാൽ സത്യം കണ്ടെത്താറുണ്ട് എന്നതാണ് വാസ്തവം.

സി. വി. താരപ്പനും സത്യം കണ്ടെത്തി. കർത്താവായ യേശുവിനെ രക്ഷകനായി അംഗീകരിക്കുന്നവർ സ്നാനമേറ്റ് യേശുവിനോട് ചേരണം (റോമർ 6:3; ഗലാത്യർ 3:27) എന്നും, സ്നാനമേറ്റ് ക്രിസ്തുവിനെ ധരിക്കണം (ഗലാത്യർ 3:27) എന്നും അദ്ദേഹം വൈകാതെ മനസ്സിലാക്കി. അങ്ങനെ അദ്ദേഹം സ്നാനപ്പെടാൻ തീരുമാനിച്ചു. അപ്പോൾ അദ്ദേഹത്തിനു മുപ്പത് വയസ്സായിരുന്നു.

**സ്നാപകൻ - കൊള്ളൻ ചാക്കുണ്ണി**

ശമ്പളം പറ്റി സുവിശേഷവേല ചെയ്യുന്നതിനോടുള്ള അതൃപ്തി എങ്ങനെയോ തന്റെ ഉള്ളിലുണ്ടായിരുന്നതുകൊണ്ട്, ശമ്പളത്തിന് സുവിശേഷവേല ചെയ്യാത്ത ഒരാളെക്കൊണ്ട് സ്നാനം നടത്തിക്കണം എന്നു താരപ്പേട്ടൻ ആഗ്രഹിച്ചു. ആ അന്വേഷണം എത്തിപ്പെട്ടത്, പെങ്ങാമുക്കിലെ ബ്രദറൻ വിശ്വാസിയായ കെ. സി. ചാക്കുണ്ണി (കൊള്ളൻ ചാക്കുണ്ണി)യിൽ ആയിരുന്നു. അങ്ങനെ കൊള്ളൻ ചാക്കുണ്ണി, സി. വി. താരപ്പനെ സ്നാനപ്പെടുത്തി. 'എന്റെ അനുഭവം' എന്ന ആത്മകഥയിൽ അദ്ദേഹം തന്റെ സ്നാനത്തെക്കുറിച്ചു എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:

> ആരെക്കൊണ്ടാണ് സ്നാനം നടത്തിക്കേണ്ടത് എന്നു എന്നോടു ചോദിച്ചു. നിശ്ചിതമായ ഒരു ശമ്പളപ്രസംഗി എന്നുള്ള നിലയിൽ അപ്പോൾ വെളിപ്പെട്ടിട്ടില്ലാത്ത ഒരാൾ പെങ്ങാമുക്കിൽ കൊള്ളൻ ചാക്കുണ്ണി എന്നൊരു വയസ്സനായിരുന്നു. ആ വയസ്സനെ സ്നാനപ്പെടുത്തിയത് സ്വതന്ത്രപ്രവർത്തകനായ ദേവസഹായം മണ്ടോടിയായിരുന്നു. അക്കാലത്ത് ചാക്കുണ്ണിജ്യേഷ്ഠൻ ബ്രദർസഹോദരന്മാരുടെ ഒരു ശമ്പളക്കാരനെന്നു അറിവില്ല.
>
> ഇദ്ദേഹത്തെക്കൊണ്ട് സ്നാനപ്പെടുത്തുവാൻ തീരുമാനിച്ചു. പ്രത്യേകാൽ ഞങ്ങൾ അദ്ദേഹത്തോട് പറഞ്ഞത്, ഇവിടത്തെ യൂറോപ്യൻവേലക്കാർ നടത്തുന്നതു പോലെ മലർത്തി സ്നാനപ്പെടുത്തുന്നത് ഞങ്ങൾ സ്വീകരിക്കയില്ല. അത് വേദപുസ്തക

ത്തിൽ നിർബന്ധമുള്ള ഒരു ഉപദേശമല്ല. സ്നാനത്താൽ അട ക്കപ്പെടുക എന്ന പദം അനുസരിച്ച് മലർത്തിയാണല്ലോ അട ക്കപ്പെടുന്നത് എന്നൊരു വാദം ഇവിടങ്ങളിൽ ഉണ്ടായിരുന്നു. അതിന് ഞങ്ങൾ കൊടുത്ത മറുപടി, സ്നാനത്താൽ ക്രിസ്തു വിനെ ധരിക്ക എന്ന പദപ്രകാരം മലർന്നു കിടന്നല്ലല്ലോ വസ്ത്രം ധരിക്കുന്നത്, അതുകൊണ്ട് ഈ കർമ്മം മലർത്തി വേണമെന്നു പറയുന്നത് ഞങ്ങൾക്കു വേണ്ടാ എന്നു പറഞ്ഞു.

അങ്ങനെ സി. വി. താരപ്പന്റെയും കൂട്ടാളികളുടെയും താത്പര്യപ്രകാ രം സ്നാനം നടന്നു. മലർത്തി സ്നാനപ്പെടുത്തുന്ന രീതിയോടുള്ള അതൃപ്തി അദ്ദേഹം രേഖപ്പെടുത്തിയതു ഇവിടെ പ്രത്യേകം ശ്രദ്ധേയമാ ണ്. മുപ്പതു വയസ്സുവരെ താൻ പരിചയിച്ച വേദപുസ്തകത്തിൽ അപ്ര കാരമില്ലെന്നു പറയാൻ അദ്ദേഹം കാണിച്ച തന്റേടം ശ്ലാഘനീയം തന്നെ. ഈ തന്റേടം അദ്ദേഹം തന്റെ ജീവിതകാലം മുഴുവൻ കാണിച്ചു എന്നു പറയുന്നതിൽ തെറ്റില്ല. മലർത്തി സ്നാനപ്പെടുത്തുന്നതിനേക്കാൾ സുര ക്ഷിതമായത് മലർത്താതെയുള്ള സ്നാനം തന്നെയാണ്. മൂക്കിലും ശിര സ്സിലും വെള്ളം കയറാനുള്ള സാധ്യത മലർത്തിസ്നാനത്തിനു കൂടുത ലാണല്ലോ.

**സ്നാനം – പഴഞ്ഞി പുത്തൻകുളത്തിൽ**

മുപ്പതു വയസ്സു വരെ പാരമ്പര്യത്തിന്റെ കെട്ടുപാടുകളിൽ പെട്ടുപോ യെങ്കിലും, അതിൽനിന്നും സ്വതന്ത്രനായി താരപ്പൻസഹോദരൻ ക്രിസ്തു വിനെ ധരിക്കാനും ക്രിസ്തുവിനോടു ചേരാനും ക്രിസ്തുവിന്റെ മരണ ത്തിൽ പങ്കാളിയാകുവാനുമായി സ്നാനമേറ്റു. പഴഞ്ഞിയിലെ പുത്തൻകു ളത്തിലായിരുന്നു സ്നാനം നടത്തിയത്. അക്കാലത്ത് ശക്തമായ എതിർപ്പ് വിളിച്ചുവരുത്തുന്ന ഒരു നടപടിയായിരുന്നു അത്. മർദ്ദനം വരെ ഏൽ ക്കേണ്ടി വരുമായിരുന്നു. പക്ഷേ, സ്നാനപ്പെടാൻ തയ്യാറായ താരപ്പേട്ടന് കൂക്കിവിളി മാത്രമേ ലഭിച്ചുള്ളൂ; ദേഹത്ത് അടി വീണില്ല. ദൈവം അത് അനുവദിച്ചില്ല എന്നു പറയുന്നതായിരിക്കും ശരി.

നിശ്ചിത ദിവസം പഴഞ്ഞി നാക്കോലക്കടുത്തുള്ള വീട്ടിൽ മുക ളിൽ വന്നുകൂടി. .....ഞങ്ങൾ പ്രാർത്ഥന കഴിഞ്ഞ് പാട്ടുകളോടെ സ്നാനത്തിനു പോകുമ്പോൾ അനുകൂലികളും പ്രതികൂലികളു മായി അനവധി ജനം കൂടെയുണ്ടായിരുന്നു. ആർപ്പുവിളിയും ലഹ ളയും ഉണ്ടായതല്ലാതെ മറ്റു ഉപദ്രവങ്ങൾ ഒന്നും ഉണ്ടായില്ല. പ്രസംഗങ്ങളും സാക്ഷ്യങ്ങളും നിഷ്പക്ഷബുദ്ധികളായ പലരും ശ്രദ്ധിച്ചു കേട്ടു. (*എന്റെ അനുഭവം*)

**കൂടെ സ്നാനപ്പെട്ടവർ**

താരപ്പനോടൊപ്പം അദ്ദേഹത്തിന്റെ കൂട്ടുകാരും യാക്കോബായക്കാരുമായ മറ്റു മൂന്നു പേരും കൂടി സ്നാനപ്പെട്ടു. സി. ഒ. ചാക്കുണ്ണി (കല്ലുംപുറം), സി. വി. ചെരിയാക്കു (പഴഞ്ഞി), സി.ഐ. കുരിയൻ (പഴഞ്ഞി) എന്നിവരായിരുന്നു ആ ധീരന്മാർ. പാരമ്പര്യത്തിന്റെ ചങ്ങലകളെ വലിച്ചെറിയുന്നതിന് വലിയ വില കൊടുക്കേണ്ടിയിരുന്നു എന്ന് അറിഞ്ഞു തന്നെയാണ് അവർ അതിനു തുനിഞ്ഞത്. പിശാചിന്റെയും പാരമ്പര്യത്തിന്റെയും നുകം കുടഞ്ഞ് കളയാൻ ദൈവം ആ സാധുക്കളെ പ്രാപ്തരാക്കി.

ഒരാൾ സ്നാനപ്പെടാൻ പോകുന്നതിന് ആർപ്പുവിളിയും ലഹളയും! ഇവയുണ്ടാക്കുന്നതോ പട്ടത്വസഭകളിലെ ക്രിസ്ത്യാനികളും! എന്തിന്?! ദൈവവചനത്തിലെ വ്യവസ്ഥയായ സ്നാനം സ്വീകരിക്കുവാൻ തയ്യാറാകുന്നവരെ കൂക്കിവിളിക്കുകയും, ഭ്രഷ്ട് കല്പിക്കുകയും, മർദ്ദിക്കുകയും ചെയ്യുന്നവർ എങ്ങനെ ക്രിസ്ത്യാനികളാകും? ശ്രീ. ജെ.സി. ദേവ് ഇതേപ്പറ്റി 'അനുപമനായ സഹോദരൻ സി. വി. താരപ്പൻ' എന്ന തന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്നത് നോക്കുക:

> ആ നാടിനെ ഇളക്കിയ വിപ്ലവാത്മകമായ ഒരു സംഭവമായിരുന്നു അത്. അന്ന് ഇടവകക്കാരുണ്ടാക്കിയ ബഹളത്തിനു കണക്കില്ല. സ്നാനമേറ്റവരെ ബഹിഷ്കരിച്ചു. ഏറ്റവും വലിയ തെറ്റു ചെയ്തവരോടെന്ന പോലെ ജനം അവരോട് ക്രൂരമായി പെരുമാറി. വീടുകളിൽ അവർക്കു പ്രവേശനമില്ല. ഉപദ്രവങ്ങളും പോരാട്ടങ്ങളും വർദ്ധിച്ചു. അനേക ദിവസങ്ങൾ, അകലെ ആൾപാർപ്പില്ലാത്ത ഇടങ്ങളിൽ അവർ പ്രാർത്ഥനയിലും പഠനത്തിലും കഴിഞ്ഞുകൂടി. ആ പോരാട്ടത്തിൽ അവർ ശക്തരാവുകയായിരുന്നു; കൂടുതൽ കൃപ പ്രാപിക്കുകയായിരുന്നു.
>
> പലരും അവരോടുകൂടെ ചേർന്നു. അന്ന് ആദ്യമായി ഒരു സഹോദരന്റെ മാളികയിൽ അവർ പന്ത്രണ്ടു പേരു ചേർന്ന് തിരുവത്താഴം നടത്തി. അതിനുശേഷം, ആ ചെറിയ സംഘം അറിഞ്ഞ സത്യം വിളിച്ചറിയിക്കാൻ ഇറങ്ങിത്തിരിച്ചു. അനേക ഇടങ്ങളിൽ അവർ കർത്താവിനെ സാക്ഷിച്ചു. ആ ഇടങ്ങളിൽ ധാരാളം എതിർപ്പുകളുണ്ടായി. എങ്കിലും പലരും വേദപുസ്തകസത്യങ്ങൾ അംഗീകരിച്ചു; പല സ്ഥലങ്ങളിലും സഭകൾ ആരംഭിച്ചു.

സ്നാനം സ്വീകരിച്ച് നിശബ്ദരായി ഇരിക്കുവാൻ താരപ്പേട്ടനും സംഘവും തയ്യാറായിരുന്നില്ല. അറിഞ്ഞ സത്യങ്ങൾ മറ്റുള്ളവരെ അറിയിക്കാൻ അവർ വെമ്പൽ കൊണ്ടു.

**(തുടരും)**

# സഭാനവീകരണം - ചരിത്രപശ്ചാത്തലം (2)

## പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

സ്നാനമേൽക്കുന്നതിനുമുമ്പ് ഒരു ശിശു മരിച്ചുപോയാൽ ആ ശിശുവിന്റെ ആത്മാവ് നരകത്തിലേക്ക് പോകുമോ എന്ന ഭയം ആളുകളിൽ ഉണ്ടായതിന്റെ ഫലമായി വിശ്വസിക്കുക, സ്നാനമേൽക്കുക എന്ന ക്രമം അൽപ്പം വ്യത്യാസപ്പെടുത്തി, സ്നാനമേൽക്കുക വിശ്വസിക്കുക എന്ന് അതൊന്ന് പരിഷ്കരിച്ചാലെന്താണ് എന്ന് പലരും ചിന്തിക്കുകയും ആ പരിഷ്കാരം ചിലയിടങ്ങളിൽ അവർ നടപ്പിൽ വരുത്തുകയും ചെയ്തു. അങ്ങനെ രണ്ടാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ശിശുസ്നാനം എന്ന 'പരിഷ്കാരം' സഭയിലേക്കു പ്രവേശിക്കാൻ തുടങ്ങി.

A D 185-നോടടുത്ത് ജീവിച്ചിരുന്ന ഐറീനിയസ് എന്ന എഴുത്തുകാരനാണ് തന്റെ എഴുത്തിൽ ശിശുസ്നാനത്തെക്കുറിച്ച് ആദ്യമായി പരാമർശിച്ചിട്ടുള്ളത് എന്നു സഭാചരിത്രത്തിൽനിന്നു നാം മനസ്സിലാക്കുന്നു. എന്നാൽ ക്രിസ്തീയവിശ്വാസികൾക്ക് റോമാസാമ്രാജ്യത്തിൽ കഠിനമായ പീഡനങ്ങൾ സഹിക്കേണ്ടി വന്നിരുന്നതിനാൽ യഥാർത്ഥ മാനസാന്തരത്തിന്റെ അനുഭവമില്ലാത്തവർ വളരെ ദുർല്ലഭമായി മാത്രമേ സ്നാനമേൽക്കുവാൻ താത്പര്യം പ്രകടിപ്പിച്ചിരുന്നുള്ളൂ. പക്ഷേ ശിശുസ്നാനം എന്ന കർമ്മം മൂന്നാം നൂറ്റാണ്ടിൽ പലയിടത്തുമുള്ള വിശ്വാസികൾ അനുഷ്ഠിക്കാൻ തുടങ്ങി എന്നതാണ് ചരിത്രസത്യം.

**പ്രത്യക്ഷ തെളിവിനായുള്ള താത്പര്യം**

ഒന്നാം നൂറ്റാണ്ടുമുതൽ ശിശുസ്നാനവും യഥാർത്ഥത്തിലുള്ള ക്രിസ്തീയസ്നാനത്തോടൊപ്പം അനുഷ്ഠിക്കാൻ തുടങ്ങിയതിന്റെ ഒരു കാരണം പ്രത്യക്ഷ അടയാളങ്ങളോടുള്ള മനുഷ്യമനസ്സിന്റെ താത്പര്യം എന്ന കാര്യമാണ്. അദൃശ്യനായ സത്യദൈവത്തെ ഹൃദയക്കണ്ണുകളാൽ ദർശിക്കണമെന്നു ആഗ്രഹിക്കാതെ ദൃശ്യമായ അടയാളങ്ങളിലൂടെ കാണണമെന്ന് ആഗ്രഹിച്ചതിന്റെ ഫലമായിട്ടാണ് വിഗ്രഹാരാധന എന്ന പാപം മനുഷ്യൻ ചെയ്യാൻ തുടങ്ങിയത്. പാപമോചനം ലഭിച്ചതിന് പ്രത്യക്ഷമായ ഒരു അടയാളം കാണാൻ സാധിക്കണമെന്ന ചിന്ത, ശിശുസ്നാനം എന്ന നിരർത്ഥക കർമ്മം ക്രിസ്തീയലോകത്തിൽ പ്രചരിക്കുവാനും ഇട വരുത്തി.

## കുസ്തന്തീനോസിന്റെ മാനസാന്തരം

നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റൻ ടൈൻ (കുസ്തന്തീനോസ്) ക്രിസ്തീയവിശ്വാസികൾക്കെതിരെ നടന്നു വന്നിരുന്ന പീഡനങ്ങളെല്ലാം നിരോധിക്കുന്നതായും, താൻ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നതായും പ്രഖ്യാപിച്ചു. ഒരു പ്രത്യേക സാഹചര്യ ത്തിലാണ് അദ്ദേഹം ഈ പ്രഖ്യാപനം നടത്തിയതെന്നാണ് ചരിത്രകാര ന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്.

മാൾവിയൻ ബ്രിഡ്ജിലെ (Milvian Bridge) യുദ്ധത്തിൽ വിജയിച്ച തിനെത്തുടർന്നാണ് അദ്ദേഹം ചക്രവർത്തിയായിത്തീർന്നത്. ഈ യുദ്ധ ത്തിന്റെ തലേദിവസം നട്ടുച്ചയ്ക്ക് ആകാശത്ത് ഒരു ചുവന്ന കുരിശും അതിനു ചുറ്റിലുമായി ഇതിനാൽ ജയിക്കുക എന്ന ലത്തീൻഭാഷയിലുള്ള ഒരു ലിഖിതവും അദ്ദേഹം കണ്ടുവെന്നാണ് കഥ. ഇതിൻപ്രകാരം കുരിശ ടയാളം ധരിച്ചുകൊണ്ട് യുദ്ധം ചെയ്യാൻ അദ്ദേഹം തന്റെ പടയാളികൾക്കു കല്പന നൽകിയെന്നും, അങ്ങനെ അവർ യുദ്ധം ചെയ്തതിനെത്തുടർന്ന് അദ്ദേഹം യുദ്ധം ജയിച്ചു ചക്രവർത്തിയായിത്തീർന്നു എന്നുമാണ് വിശ്വ സിക്കപ്പെടുന്നത്.

ഈ കഥയുടെ വിശദാംശങ്ങളിൽ എത്രത്തോളം സത്യമുണ്ടെന്നു നിർണ്ണയിക്കാൻ നമുക്കു മാർഗ്ഗമില്ലെങ്കിലും ക്രിസ്ത്യാനികളുടെ ദൈവ ത്തോടു എന്തോ വലിയ ഒരു ആകർഷണം കോൺസ്റ്റൻടൈനു തോന്നി എന്നും ഈ യുദ്ധത്തിൽ ജയിച്ചത് ആ ദൈവത്തിന്റെ അനുഗ്രഹം നിമി ത്തമാണെന്ന് അദ്ദേഹം വിശ്വസിച്ചു എന്നതിനും സംശയമില്ല. ഏതാ യാലും ഈ പ്രത്യേക സാഹചര്യത്തിൽ ക്രിസ്ത്യാനികളോടു അദ്ദേഹ ത്തിന് സഹതാപവും സ്നേഹവും തോന്നുകയും A D 313-ൽ മിലാ നിൽവച്ച് ക്രിസ്ത്യാനികൾക്ക് സ്വാതന്ത്ര്യവും ക്രിസ്തീയവിശ്വാസത്തിന് റോമാസാമ്രാജ്യത്തിന്റെ അംഗീകാരവും നൽകുന്ന വിളംബരത്തിൽ അദ്ദേഹം ഒപ്പുവച്ചു.

അതോടുകൂടി ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നു; ക്രിസ്തുമതം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി അംഗീകരി ക്കപ്പെട്ടിരിക്കുന്നു എന്നിങ്ങനെയുള്ള വാർത്ത റോമാനഗരത്തിലും സാമ്രാ ജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും പ്രചരിക്കാൻ തുടങ്ങി. റോമൻ ചക്ര വർത്തിയോട് പണ്ടു കാലം മുതൽ തന്നെ ജനങ്ങൾക്കു വലിയ സ്നേഹ വും ബഹുമാനവും ഉണ്ടായിരുന്നു. ചക്രവർത്തിയുടെ താത്പര്യം എന്താ ണെങ്കിലും അതിൻപ്രകാരം പ്രവർത്തിക്കാനാണ് അവരുടെ രാജഭക്തി അവരെ പ്രേരിപ്പിച്ചിരുന്നത്. അതിനാൽ കോൺസ്റ്റൻടൈൻ ചക്രവർത്തി

യുടെ മതപരിവർത്തനം റോമാസാമ്രാജ്യത്തിലെ ബഹുഭൂരിപക്ഷം ആളുകളെയും മതപരിവർത്തനം ചെയ്യാനും ക്രിസ്ത്യാനികൾ ആയിത്തീരാനും പ്രേരിപ്പിച്ചു.

ആയിരക്കണക്കിനാളുകൾ റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നദികളിൽ മുങ്ങി സ്നാനമേറ്റശേഷം, ഞങ്ങളുടെ ചക്രവർത്തി ക്രിസ്ത്യാനിയായിത്തീർന്നു, ഇനി ഞങ്ങളും ക്രിസ്ത്യാനികളാണ് എന്നു പ്രഖ്യാപിച്ചു. യേശുക്രിസ്തു ആരാണെന്നോ, യേശുക്രിസ്തു എന്തു ചെയ്തുവെന്നോ, എന്തിനുവേണ്ടി ക്രൂശിൽ മരണം സഹിച്ചുവെന്നോ ഒന്നും മനസ്സിലായിട്ടില്ലാതിരുന്ന ജനസഹസ്രങ്ങൾ ഇപ്രകാരം ക്രൈസ്തവസഭയുടെ ഉള്ളിലേക്ക് തള്ളിക്കയറി വരാനിടയായി.

റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അവിടവിടെയായി ഉണ്ടായിരുന്ന യഥാർത്ഥ ക്രിസ്തീയവിശ്വാസികളുടെ ഇടയിലേക്ക് കയറിവന്ന പുതിയ 'ക്രിസ്ത്യാനികളെ' യഥാർത്ഥ വിശ്വാസം പഠിപ്പിക്കുക എന്നത് വാസ്തവത്തിൽ അസാദ്ധ്യം തന്നെയായിരുന്നു. അതുവരെ തങ്ങൾ ആചരിച്ചുവന്നിരുന്ന ദേവീദേവന്മാരുടെ വിഗ്രഹങ്ങളേക്കാൾ വളരെ കൂടുതൽ ഭംഗിയുള്ള പുതിയ ക്രിസ്തീയദേവന്മാരുടെയും ദേവിമാരുടെയും ബിംബങ്ങളെ തങ്ങൾക്ക് ഇനിമേൽ ആരാധിക്കാനായി ലഭിക്കും എന്ന പ്രതീക്ഷയിലാണ് പല പുതിയ 'ക്രിസ്ത്യാനികളും' ക്രിസ്തീയദേവാലയങ്ങളിലേക്ക് കാൽവച്ച് പ്രവേശിച്ചത്.

വിഗ്രഹങ്ങൾ ഒന്നും ഇല്ലാതിരുന്ന ക്രിസ്ത്യാനികളുടെ ആരാധനാരീതിയിൽ അവർക്കു തോന്നിയ അതൃപ്തി അവർ മറച്ചുവച്ചില്ല. പണ്ട് അവർ ആരാധിച്ചിരുന്ന ദേവീദേവന്മാരെ ഉപേക്ഷിച്ച് യേശുക്രിസ്തുവിനെ ആരാധിക്കാൻ തയ്യാറായിരിക്കുന്നതിനാൽ യേശുക്രിസ്തുവിന്റെ വിഗ്രഹം ഉണ്ടാക്കണമെന്നും യേശുവിന്റെ അമ്മയായ മറിയത്തിന്റെ വിഗ്രഹം ഉണ്ടാക്കണമെന്നും അവയുടെ മുമ്പിൽ കുമ്പിടണമെന്നും മറ്റുമുള്ള ആഗ്രഹം അവർക്കു തോന്നി. ദൈവവചനം ഒട്ടും തന്നെ ഗ്രഹിക്കാതെ അവർ മതപരിവർത്തനം ചെയ്തതിനാൽ ഇത്തരം ആഗ്രഹങ്ങൾ അവർക്കുണ്ടായതിൽ അതിശയിക്കാനില്ല.

**(തുടരും)**

## നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ

REAL LIFE VOICE എന്ന പേരിൽ ഒരു WhatsApp Group ഉണ്ട്. മാസത്തിലൊരിക്കൽ മാസിക പോസ്റ്റ് ചെയ്യുന്നതിനു മാത്രം ഉള്ള ഗ്രൂപ്പാണിത്. അംഗമാകാത്തവർ അംഗമാകൂ. **(എഡിറ്റർ)**

# (14) പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

### മൂന്നാം ഭാഗം: മൃഗങ്ങൾ

1. **ഒട്ടകം** (മത്തായി 3:4)

ക്രമമായി വായിക്കുന്ന ഒരാൾ പുതിയനിയമത്തിൽ ആദ്യം കാണുന്ന മൃഗം ഒട്ടകമാണ് (മത്തായി 3). പഴയനിയമത്തിലാകട്ടെ ആദ്യം പേര് പരാമർശിച്ചിരിക്കുന്നത് പാമ്പിന്റേതാണ് (ഉല്പത്തി 3). രണ്ടു സന്ദർഭങ്ങളിലും മൂന്നാം അദ്ധ്യായങ്ങളിലാണ് മൃഗങ്ങളുടെ പേരുകൾ ആദ്യം വന്നിരിക്കുന്നത് എന്നത് കൗതുകകരമായി തോന്നുന്നു. ഒട്ടകത്തെക്കുറിച്ച് ആകെ 6 വാക്യങ്ങളാണ് പുതിയനിയമത്തിലുള്ളത് (മത്തായി 3:4; 19:34; 23:24; മർക്കൊസ് 1:6; 10:25; ലൂക്കൊസ് 18:25). അവയെ ചുറ്റിപ്പറ്റി ചില ചിന്തകൾ ഈ ലക്കത്തിൽ പങ്കുവയ്ക്കാം.

**ഒട്ടകവും യോഹന്നാൻസ്നാപകനും:** പഴയനിയമത്തിൽ ഒട്ടകത്തെ നാം ആദ്യം കാണുന്നത് റിബെക്കയോടുള്ള ബന്ധത്തിലാണ്. അവൾ തന്റെ ഭർത്താവാകാൻ പോകുന്ന യിസ്ഹാക്കിനെ കണ്ടപ്പോൾ ഒട്ടകപ്പുറത്തു നിന്ന് ഇറങ്ങി (ഉല്പത്തി 24:64). പുതിയനിയമത്തിലാകട്ടെ യോഹന്നാൻസ്നാപകനോടുള്ള ബന്ധത്തിലാണ് ഒട്ടകത്തെ നാം ആദ്യം കാണുന്നത്. യോഹന്നാൻ ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പാണ് ധരിച്ചിരുന്നത് (മത്തായി 3:4). ഭക്ഷണമാകട്ടെ, സുലഭമായി ലഭിക്കുന്ന വെട്ടുകിളിയും, പിന്നെ കാട്ടുതേനും!

ഭക്ഷണത്തോടും വസ്ത്രത്തോടും വലിയ താത്പര്യം കാണിക്കാതെ യോഹന്നാൻസ്നാപകൻ ജീവിച്ചു. അതു നിമിത്തം, അവനു ഭൂതം ഉണ്ട് എന്നാണ് യെഹൂദന്മാർ ആരോപിച്ചത് (മത്തായി 11:18). ലളിതമായി വസ്ത്രം ധരിക്കുന്നവരെ വെറും ദരിദ്രവാസികളായി എണ്ണുന്ന പ്രവണത ആത്മികലോകത്തുണ്ട്. അതുകൊണ്ട് ഒട്ടുമിക്കവരും, പ്രത്യേകിച്ച് ശുശ്രൂഷകന്മാർ, വസ്ത്രം കേമമാക്കാൻ ശ്രദ്ധിക്കുന്നത് കണ്ടിട്ടുണ്ട്. ആയിക്കൊള്ളട്ടെ. എന്നാൽ വസ്ത്രത്തിലും ഭക്ഷണത്തിലുമല്ല കാര്യം, ശുശ്രൂഷയിലാണ്. ഭൂതം ഉണ്ട് എന്നു ജനം വിലയിരുത്തിയെങ്കിലും, യേശു യോഹന്നാനെ വിലയിരുത്തിയത് “പ്രവാചകനിലും മികച്ചവൻ” എന്നാണ് (മത്താ

യി 11:9). "അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്ക് ആയിരുന്നു" എന്നും കൂടി കർത്താവ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (യോഹന്നാൻ 5:35).

കൂട്ടത്തിൽ ഒരു കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ: യോഹന്നാന്റെ ഭക്ഷണമായ വെട്ടുകിളിയെക്കുറിച്ച് വലിയൊരു വിവാദം ദൈവജനത്തിന്റെ മധ്യേ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. അത് സാക്ഷാൽ വെട്ടുകിളിയല്ലെന്നും, വെട്ടുകിളി എന്നു വിളിക്കപ്പെടുന്ന ഒരു മരത്തിന്റെ (locust tree) കായ് ആണെന്നുമാണ് വാദം. ഈ വാദം ശരിയാകാനുള്ള സാധ്യതയില്ല. കാരണം, യെഹൂദന്മാർക്ക് കഴിക്കാൻ ദൈവം അനുവാദം കൊടുത്തിട്ടുള്ള ഒന്നാണ് വെട്ടുകിളി (ലേവ്യർ 11:22). മാത്രമല്ല, മത്തായി 3:4 ൽ വെട്ടുകിളി എന്നതിനു ഉപയോഗിച്ചിരിക്കുന്ന 'അക്രീസ്' (akris) എന്ന ഗ്രീക്ക് പദം വേദപുസ്തകത്തിൽ ആകെ 4 വാക്യങ്ങളിലാണ് കാണുന്നത്; മത്തായി 3:4 കൂടാതെ, മർക്കൊസ് 1:6, വെളിപാട് 9:3,7 എന്നിവയാണവ. ഇതിൽ വെളിപാട് 9:3 ലും 9:7 ലും സാക്ഷാൽ വെട്ടുകിളിയെക്കുറിച്ചു തന്നെയാണ് പറഞ്ഞിരിക്കുന്നത്; അത് തർക്കമില്ലാത്ത കാര്യമാണ്. എങ്കിൽ ബാക്കിയുള്ള രണ്ടു വാക്യങ്ങളിലും ഒരു തർക്കത്തിന്റെ ആവശ്യമുണ്ടോ?

**ഒട്ടകവും സൂചിക്കുഴയും:** "ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നത് എളുപ്പം" (മത്തായി 19:24) എന്നു കർത്താവ് പറഞ്ഞു. ഇവിടെ ആശയം വ്യക്തമാണ്. അതായത്, ധനവാൻ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നത് അസാധ്യമായ കാര്യമാണ് എന്നാണ് കർത്താവ് ഉദ്ദേശിച്ചത്. മാസം തോറും നല്ല വരുമാനം ലഭിക്കുന്നവൻ സ്വർഗ്ഗരാജ്യത്തിൽ പോകില്ലെന്നോ?! അങ്ങനെയല്ല; "സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം" (മർക്കൊസ് 10:24) എന്നു കർത്താവ് വ്യക്തമാക്കിയിട്ടുണ്ട്. ജോലിക്കാർക്ക് അർഹമായ കൂലി കൊടുക്കാതെ സമ്പാദിക്കുന്ന പണം കൈവശമുള്ളവനും, തട്ടിപ്പും വെട്ടിപ്പും നടത്തി പണമുണ്ടാക്കുന്നവനും, ദൈവികകാര്യങ്ങൾക്ക് കൊടുക്കാതെ സമ്പാദിക്കുന്നവനും എല്ലാം നടുക്കത്തോടെ വായിക്കേണ്ട വേദഭാഗമാണിത്.

സമ്പത്തിന്റെ അടിസ്ഥാനത്തിൽ ഈ ഭൂമിയിൽ പലതും നേടാൻ കഴിഞ്ഞേക്കാം. മാനവും പദവികളും അധികാരങ്ങളും എല്ലാം! പക്ഷേ, സ്വർഗ്ഗരാജ്യത്തിൽ സമ്പത്ത് എന്നത് ഒന്നിനും ഒരു മാനദണ്ഡമേയല്ല. സമൂഹത്തിലും, എന്തിനേറെ, സഭകളിൽ വരെ സമ്പത്തുള്ളവരുടെ വിളയാട്ടങ്ങൾ നാം കാണുന്നുണ്ട്. തങ്ങൾക്കിഷ്ടമില്ലാത്തവരെ പുകച്ചുചാടിച്ചും, തങ്ങളുടെ നേരെ വിരൽ ചൂണ്ടുന്നവരെ നിഷ്കരുണം വെട്ടിനിരത്തിയും മുന്നേറുന്നവർ സഭകളിലുണ്ട്. എന്നാൽ, ഫിലേമോനെപ്പോലെ വിശ്വാസികളുടെ ഹൃദയം തണുപ്പിക്കുന്ന ധനവാന്മാരും (ഫിലേമോൻ 1:4,7)

ക്രൈസ്തവസഭകളിൽ ഉണ്ട് എന്ന വസ്തുത നമുക്ക് സന്തോഷം പകരുന്നതാണ്.

**ഒട്ടകവും കൊതുകും:** "കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു" (മത്തായി 23:24). എന്താണ് കർത്താവ് ഇവിടെ ഉദ്ദേശിച്ചതെന്നു ആർക്കും സംശയമുണ്ടാകുമെന്നു തോന്നുന്നില്ല. ഉപദേശിമാർ വലിയ വലിയ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാതിരിക്കുകയും, താരതമ്യേന ചെറിയ കാര്യങ്ങൾക്ക് വലിയ പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നതിനെയാണ് കർത്താവ് ഇവിടെ വിമർശിച്ചത്. ചെറിയ കാര്യങ്ങൾക്ക് പ്രാധാന്യമില്ല എന്നു കർത്താവ് പറഞ്ഞില്ല. "അത് (ചെറിയ കാര്യങ്ങൾ) ചെയ്കയും ഇത് (താരതമ്യേന വലിയ കാര്യങ്ങൾ) ത്യജിക്കാതിരിക്കയും വേണം" (മത്തായി 23:23) എന്നാണ് കർത്താവ് വ്യക്തമാക്കിയത്.

ന്യായപ്രമാണത്തിലെ ഘനമേറിയ കല്പനകളെയാണ് കർത്താവ് ഒട്ടകത്തോട് ഉപമിച്ചത്. ന്യായം, കരുണ, വിശ്വസ്തത എന്നീ മൂന്നു കാര്യങ്ങളാണ് ഉദാഹരണമായി കർത്താവ് അവിടെ പറഞ്ഞത്. ദൈവമക്കളുടെ ഹൃദയമാകുന്ന ആലയത്തിൽ മേല്പറഞ്ഞ മൂന്നു 'ഒട്ടകങ്ങൾ' ഉണ്ടോ? ന്യായം, കരുണ, വിശ്വസ്തത എന്നീ മൂന്നു 'ഒട്ടകങ്ങൾ' എത്ര സഭകളിൽ ഉണ്ട്? ഈ മൂന്നു 'ഒട്ടകങ്ങളെ' വിഴുങ്ങിക്കളഞ്ഞ നിലയിൽ എത്രയോ വിശ്വാസികൾ ജീവിക്കുന്നു! അതുകൊണ്ടാണ് കുടുംബബന്ധങ്ങളിൽ തകർച്ചയും, സഭാബന്ധങ്ങളിൽ ഭിന്നതയും വരുത്തിക്കൊണ്ട് പിശാചിന് തന്റെ തേരോട്ടം ഇത്ര വിജയകരമായി നടത്താൻ കഴിയുന്നത്. ദ്രുതഗതിയിൽ തിരുത്തേണ്ടതുണ്ട് നാം.

സഭകളിൽ ഗ്രൂപ്പ് തിരിഞ്ഞു പോരാടാതെ ന്യായത്തിന്റെ ഭാഗത്ത് നിൽക്കാൻ ദൈവമക്കൾ തയ്യാറാവണം. <u>ന്യായം</u> നാം തിരിച്ചറിയണം. ന്യായം നാം പിന്തുടരണം. സഹവിശ്വാസികളോട് നാം <u>കരുണ</u> കാണിക്കണം. വെട്ടിനിരത്തലിന്റെ ഭാഗമായി ഒരു പാവത്തെ തോല്പിക്കാൻ കച്ച കെട്ടിയിറങ്ങുമ്പോൾ ഓർക്കുക: നിങ്ങളുടെ എതിരാളി ഒരു മനുഷ്യനാണ്. നിങ്ങളെപ്പോലെ ചോരയും നീരും ഉള്ള, വികാരങ്ങളും വിചാരങ്ങളും ഉള്ള ഒരു മനുഷ്യൻ. നാം <u>വിശ്വസ്തത</u> കാണിക്കണം. സമയം, പണം, ആരോഗ്യം, ഏല്പിക്കപ്പെടുന്ന ജോലി, ഉത്തരവാദിത്തം ഇതിലെല്ലാം ദൈവമക്കൾ വിശ്വസ്തത കാണിക്കണം. ന്യായം, കരുണ, വിശ്വസ്തത എന്നീ മൂന്നു 'ഒട്ടകങ്ങളെ' വിഴുങ്ങിക്കളഞ്ഞിട്ട്, മറ്റേതു 'കൊതുകുകളെ' ഉയർത്തിപ്പിടിച്ച് നാം പ്രസംഗിച്ചാലും ദൈവമുമ്പാകെ അതു പ്രസാധമാവുകയില്ലെന്നു ദൈവജനം തിരിച്ചറിയട്ടെ.

**(തുടരും)**

# പരിശുദ്ധാത്മാവ്

**-എംവിഎസ്-**

32

**വേദപുസ്തകത്തിലെ അത്ഭുതങ്ങളുടെ പ്രത്യേകതകൾ**

1. **വൈവിധ്യം (Diversity)**
2. **വ്യക്തത (Clarity)**
3. **പൂർണ്ണത (Perfection)**

ബൈബിളിൽ കാണുന്ന അത്ഭുതങ്ങളെല്ലാം പൂർണ്ണതയുള്ളവയാണ്. രോഗത്തിന്റെ അല്പം ഇന്നു മാറി, ബാക്കി നാളെ മാറി, പിന്നെയുള്ളത് മറ്റന്നാള് മാറി ... ഇങ്ങനെയല്ല ബൈബിളിലെ അത്ഭുതരോഗശാന്തികൾ.

അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരാളെ സൗഖ്യപ്പെടുത്തുന്നത് നോക്കുക: ''അപ്പോൾ പത്രൊസ്... നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞ് അവനെ വലങ്കൈക്ക് പിടിച്ചു എഴുന്നേൽപ്പിച്ചു: ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറച്ചു അവൻ കുതിച്ചെഴുന്നേറ്റു നടന്നു; നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയും കൊണ്ട് അവരോടുകൂടെ ദൈവാലയത്തിൽ കടന്നു'' (അപ്പൊ.പ്രവൃ.3:6-8)

ഇന്നു കാണുന്നതോ? കാലിൽ പ്ലാസ്റ്ററിട്ട ഒരാൾ വരുന്നു... അത്ഭുത രോഗശാന്തിവരം ഉണ്ടെന്നു അവകാശപ്പെടുന്ന അല്പൻ അലറുന്നു, കല്പിക്കുന്നു, യേശുവിന്റെ നാമത്തിൽ എന്നു വേഗത്തിൽ പറയുന്നു... കുറെ കഴിയുമ്പോൾ അവൻ വേച്ചു വേച്ചു നടക്കുന്നു. നാളത്തെ അവന്റെ സ്ഥിതി എന്തെന്നു ആരും അന്വേഷിക്കാറില്ല. അന്വേഷിച്ചാൽ സത്യം മനസ്സിലാവുകയും ചെയ്യും. തട്ടിപ്പുരോഗശാന്തികൾ കണ്ടാൽ അതു മനസ്സിലാക്കാൻ കഴിയാത്ത മരക്കഴുതകളായ ജനം ഉള്ളിടത്തോളം കാലം ഇത്തരം തട്ടിപ്പുവീരന്മാർക്ക് നല്ലകാലമാണ്.

അമ്മയുടെ ഗർഭം മുതൽ മുടന്തനായ മറ്റൊരാൾക്ക് പൗലൊസ് സൗഖ്യം കൊടുത്തത് അപ്പൊ.പ്രവൃ. 14:8-10 ൽ കാണുന്നു. ''പൗലൊസ്... നീ എഴുന്നേറ്റു കാലൂന്നി നിവിർന്നുനിൽക്ക എന്നു ഉറക്കെപ്പറഞ്ഞു. അവൻ കുതിച്ചെഴുന്നേറ്റു നടന്നു.'' അവൻ പതുക്കെ പതുക്കെ എഴുന്നേറ്റ്... വേച്ചു വേച്ച്.... അപ്പോഴേക്കും വീഴാൻ തുടങ്ങി.... ആളുകൾ അവനെ താങ്ങി... ഇങ്ങനെയൊന്നും നാം കാണുന്നില്ല. എന്നാൽ തട്ടിപ്പുരോഗശാ

ന്തികളിൽ കാണുന്നത് ഇങ്ങനെയെല്ലാമാണ്. ഇവിടെയെല്ലാം അസുഖം മാറുന്നത് പൂർണ്ണമായിട്ടാണ്. ഉഡായിപ്പ്രോഗശാന്തിക്കാർ നടത്തുന്ന രോഗശാന്തിമീറ്റിംഗുകളിൽ ഇത്തരം രോഗശാന്തികൾ നടത്താൻ അവർ വേറെ ജനിക്കേണ്ടി വരും.

### 4. വേഗത (Speediness)

''ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറച്ചു'' (അപ്പൊ.പ്രവൃ.3:7). ''അവൻ കുതിച്ചെഴുന്നേറ്റു നടന്നു.'' (അപ്പൊ.പ്രവൃ. 14:10). നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ സ്ലോമോഷൻ, വേച്ചുവേച്ചു നടക്കാൻ ശ്രമിക്കൽ, ആളുകൾ തുടക്കത്തിൽ താങ്ങിപ്പിടിക്കൽ, ഊം നടക്ക്...നടക്ക്... ദൈവം നിന്നെ ബലപ്പെടുത്തിയിരിക്കുന്നു എന്നിങ്ങനെയുള്ള മാനസികമായ ശക്തിപ്പെടുത്തലുകൾ.... ഇതൊന്നും ഇവിടെയില്ല. ഇതാണ് അത്ഭുതരോഗശാന്തി. അതല്ലാതെ, ഊന്നുവടിയുമായി വന്നവനെയോ കാലിൽ പ്ലാസ്റ്ററിട്ട് വന്നവനെയോ 'സൗഖ്യമാക്കുന്ന' തട്ടിപ്പ് അല്ല.

### വേദപുസ്തകത്തിൽ അത്ഭുതരോഗശാന്തിയോഗങ്ങൾ ഇല്ല

വരുവിൻ, മുടന്തൻ നടക്കുന്നു, കുരുടൻ കാണുന്നു, ചെകിടൻ കേൾക്കുന്നു... എന്നിങ്ങനെയുള്ള ആഹ്വാനവുമായി രോഗശാന്തിമീറ്റിംഗുകൾ ആരെങ്കിലും സംഘടിപ്പിച്ചതായി ബൈബിളിൽ കാണുന്നില്ല. ഇന്ന് ഇത്തരം മീറ്റിംഗുകൾ ആളുകൾ സംഘടിപ്പിക്കുന്നു. നോട്ടീസ് വിതരണം ചെയ്യുന്നു. വൻപബ്ലിസിറ്റി കൊടുക്കുന്നു. അങ്ങനെ ആളെക്കൂട്ടുന്നു. പാട്ട്, പ്രസംഗം, സാക്ഷ്യം പറച്ചിൽ, അലമുറയിടൽ, രോഗശാന്തി... പ്രിയ വായനക്കാരാ, ദയവായി ചിന്തിക്കൂ. എത്ര മുടന്തന്മാർ സൗഖ്യമായി? എത്ര കുരുടർ കണ്ടു? ഒരാളെങ്കിലും... ഇല്ല. എന്നിട്ടും ഈ കള്ളന്മാരുടെ കൂട്ടം ഇവിടെ വിലസുന്നതിനെ നാം എന്തിന് പിന്തുണയ്ക്കണം?

### ചോർച്ചാസിദ്ധാന്തം (Drain Theory)

സ്വാതന്ത്ര്യസമരസേനാനിയായ ദാദാഭായ് നവറോജി അവതരിപ്പിച്ചതാണ് ചോർച്ചാസിദ്ധാന്തം. ബ്രിട്ടീഷുകാർ ഇന്ത്യയുടെ സമ്പത്ത് പല നിലകളിൽ ചോർത്തിക്കൊണ്ടിരിക്കുന്നു എന്നാണ് അദ്ദേഹം വാദിച്ചത്. ശമ്പളം, സമ്മാനം, നികുതി എന്നൊക്കെപ്പറഞ്ഞ് ഇന്ത്യൻസമ്പത്ത് ബ്രിട്ടനിലേക്ക് ചോർത്തുന്നതു നിമിത്തമാണ് ഇന്ത്യയിൽ ദാരിദ്ര്യം വർദ്ധിക്കുന്നത് എന്ന് സമർത്ഥിക്കുന്ന ചോർച്ചാസിദ്ധാന്തം അക്കാലത്ത് നിരവധി ആളുകളെ ആകർഷിച്ചിരുന്നു.

വാസ്തവത്തിൽ നമ്മുടെ ഉഡായിപ്പ്രോഗശാന്തിക്കാർ നടത്തുന്ന യോഗങ്ങളും ടിവിപരിപാടികളും മൂലം ജനങ്ങളുടെ കയ്യിലെ പണം ഈ

വിരുതന്മാരുടെ പോക്കറ്റിൽ നിറയുക എന്നതാണ് സംഭവിക്കുന്നത്. രോഗശാന്തിക്കാരുടെ അടുത്തേക്ക് പോകുന്നവരെ ദാദാഭായ് നവറോജിയുടെ ചോർച്ചാസിദ്ധാന്തം നാം പഠിപ്പിക്കേണ്ടിയിരിക്കുന്നു. അതായത് സുഹൃത്തേ, താങ്കളുടെ പണം രോഗശാന്തിക്കാരന്റെ പോക്കറ്റിലേക്ക് പോകുന്നു. അവൻ നന്നാവുന്നു. അവന്റെ ബാങ്ക് ബാലൻസ് വർദ്ധിക്കുന്നു. അവൻ കൊട്ടാരം പണിയുന്നു. അവൻ വിലകൂടിയ കാറിൽ സഞ്ചരിക്കുന്നു. അല്ലെങ്കിൽ ഓർത്തുനോക്കൂ... ഏതെങ്കിലും രോഗശാന്തിക്കാരൻ ആഡംഭരമില്ലാതെ ഒതുങ്ങിക്കഴിയുന്നുണ്ടോ? തങ്കു, താരു, സജിത്.... സാധാരണനിലയിൽ പ്രാർത്ഥനായോഗം തുടങ്ങി, രോഗശാന്തി നടത്തി നടത്തി, കോടീശ്വരന്മാരായിത്തീർന്നവർ എത്രയെണ്ണം!

**പി. വി. സന്തോഷിന്റെ അനുഭവം**

പി. വി. സന്തോഷ്. വയനാട് ജില്ലയിൽ മീനങ്ങാടിയ്ക്കടുത്ത് താമസിക്കുന്ന ഒരു കുടുംബത്തിലെ മൂത്ത മകൻ. 1994 ജനുവരി 27–ാം തീയതി കുരുമുളക് പറിച്ചുകൊണ്ടിരിക്കുമ്പോൾ ഏണിയിൽനിന്നും പിടിവിട്ട് താഴെ വീണു. അപ്പോൾ അവന് വെറും 20 വയസ്സുമാത്രമായിരുന്നു. അരയ്ക്കു താഴെ തളർന്നു, കിടപ്പിലായി. രോഗശാന്തിക്കാരുടെ അടുത്ത് ചെന്നാൽ സൗഖ്യം പ്രാപിക്കും എന്നു ചിലർ ഉപദേശിച്ചു. മുരിങ്ങൂർ ധ്യാനകേന്ദ്രം, ചില പെന്തെക്കോസ്തുയോഗങ്ങൾ, ചില കരിസ്മാറ്റിക്യോഗങ്ങൾ.... സന്തോഷിനെ കൊണ്ടുചെല്ലാത്ത സ്ഥലങ്ങളില്ല.

വീൽചെയറുകളിൽ രോഗികളെ കയറ്റി ഒരു വണ്ടിയിൽ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലേക്ക് കൊണ്ടുപോയ ഒരു സന്ദർഭം. ഒരു വീൽചെയറിൽ സന്തോഷും ഉണ്ട്. വീൽചെയറുകൾ കാരണം വാഹനത്തിനുള്ളിൽ തീരെ സ്ഥലസൗകര്യമില്ല. ''സാരമില്ല, ഇങ്ങോട്ട് വരുമ്പോൾ ഇഷ്ടംപോലെ സ്ഥലം ഉണ്ടായിരിക്കും'' എന്നു ലീഡ് ചെയ്യുന്ന ആൾ വീമ്പിളക്കി. എല്ലാവരും സൗഖ്യമാകുമെന്നും ഇങ്ങോട്ടു വരുമ്പോൾ വീൽചെയറുകൾ വേണ്ടിവരില്ലെന്നും അതുകൊണ്ട് ഇഷ്ടംപോലെ സ്ഥലം വാഹനത്തിനുള്ളിൽ ഉണ്ടാകുമെന്നും ആണ് 'പുള്ളിക്കാരൻ' ഉദ്ദേശിച്ചത്. പക്ഷേ സന്തോഷും മറ്റു രോഗികളും വീൽചെയറിൽതന്നെ മടങ്ങി. ആരും സൗഖ്യമായില്ല. അല്ലെങ്കിൽത്തന്നെ പനിയും, ചെവിവേദനയും, മൂലക്കുരുവും, വയറ്റിലെ മുഴയും 'സൗഖ്യമാക്കുന്ന' പോലെ എളുപ്പമാണോ ഇത്!

സന്തോഷ് സുവിശേഷം കേട്ടു. വിശ്വസിച്ചു, സ്നാനമേറ്റു. ഇന്നും കിടപ്പുരോഗിയായി തുടരുന്നു. മീനങ്ങാടി ബ്രദറൺചർച്ചിൽ കർത്താവിനെ ആരാധിച്ചുപോരുന്നു. ലേഖനങ്ങൾ എഴുതുന്നു. കിടന്നുകൊണ്ട് വചനം സഭായോഗങ്ങളിൽ പറയുന്നു. (ഫോൺ നമ്പർ: 96051 64849)

**(തുടരും)**

# ഇമ്മാനുവിന്റെ സംശയങ്ങൾ 32

## എം.വി.എസ്

# വിശ്വാസിക്കു കൊറോണ വരുമോ?

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

‘‘പപ്പാ, എനിക്കു കൊറോണയുണ്ടോ എന്നു സംശയം.’’ ഇതു പറഞ്ഞത് ഇമ്മാനു... സംശയം ചോദിക്കാനായി മാത്രം ജനിച്ചവൻ... എന്റെ നാലാം ക്ലാസ്സിൽ പഠിക്കുന്ന മകൻ.

“നിനയ്ക്കെന്താ ഇപ്പൊ ഇങ്ങനെ ഒരു സംശയം?”

“എല്ലാവർക്കും കൊറോണ വരുന്നുണ്ടല്ലോ... അപ്പൊ എനിക്കും വരാലോ...”

“നല്ലത് ചിന്തിക്കാൻ പറ്റ്ണില്ലേ നിനക്ക്?” എനിക്ക് ദേഷ്യം വന്നു.

സംഭാഷണം കേട്ടുകൊണ്ടാണ് അന്ത്രോസ്ബ്രദറിന്റെ വരവ്.

“ഇമ്മാനുക്കുട്ടാ, നമുക്കൊന്നും കൊറോണ വരില്ല”

‘‘കാരണമെന്താ അന്ത്രോസങ്കിളേ?”

“അത്... നമ്മള് വിശ്വാസികളല്ലേ? ഒരു ബാധയും നിന്റെ കൂടാരത്തോട് അടുക്കുകയില്ല എന്നു വായിച്ചിട്ടില്ലേ?” അന്ത്രോസ്ബ്രദർ വലിയ ഗമയോടെ പറഞ്ഞു.

“എന്നിട്ട് കൊറെ വിശ്വാസികൾക്ക് കൊറോണ വന്നുവല്ലോ... ചെലര് മരിക്കുകയും ചെയ്തു... ഇല്ലേ പപ്പാ?”

ഞാൻ കൂടി കളത്തിൽ ഇറങ്ങിക്കളിക്കണം എന്ന ലക്ഷ്യത്തോടെ അവൻ എന്നോടു ചോദിച്ചു.

“ങാ... പല വിശ്വാസികൾക്കും കൊറോണ പിടിപെട്ടിട്ടുണ്ട്...” ഞാൻ വലിയ താത്പര്യമില്ലാത്ത പോലെ പറഞ്ഞു.

“അതെന്താ അന്ത്രോസങ്കിളേ?”

“അത്... അവര് മാസ്ക് ഇട്ടിട്ടുണ്ടാവില്ല.”

ഇതു കേട്ടപാടെ ഇമ്മാനു എന്നെ നോക്കി. ഞാൻ അതു ശ്രദ്ധിക്കാത്തപോലെ നിന്നു.

“കൊറോണയുണ്ടെങ്കിൽ മണോം രുചീം ഒന്നും അറിയില്ല. ഇമ്മാനൂന് മണം ഒക്കെ അനുഭവപ്പെടുന്നില്ലേ?” അന്ത്രോസ്ബ്രദറിന്റെ ചോദ്യം.

“ഉവ്വുവ്വ്... മമ്മി മീൻ വറുക്കുമ്പോൾ നല്ല മണം ഉണ്ടായിരുന്നു.”

“എങ്കിൽ പേടിക്കാനില്ല. ഇമ്മാനൂന് കൊറോണയില്ല.”

ആ നേരത്താണ് ഇറ്റ്യാനംചേടത്തിയുടെ വരവ്. അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും തമ്മിൽ കണ്ടുമുട്ടിയാൽ കീരിയും പാമ്പും പോലെയാണ്. ഏറ്റുമുട്ടൽ ഉറപ്പ്.

“എന്താ അന്ത്രോസേ, മണോം ഗന്ധോം ഒക്കെ അനുഭവപ്പെടുന്നുണ്ട ല്ലോ, അല്ലേ?” ഇറ്റ്യാനംചേടത്തിയുടെ ഒളിയമ്പ്

“ഉവ്വുവ്വ്... ഇറ്റ്യാനത്തിന്റെ പറമ്പി ലൂടെ പോയപ്പോ നല്ല സ്മെൽമണ നാറ്റം ഉണ്ടായിരുന്നു. എനിക്ക് കൊ റോണയില്ലെന്നു അങ്ങനെ ഉറപ്പായി.”

ഇറ്റ്യാനത്തിന് കൊടുത്ത ഈ കൗണ്ടർ എങ്ങനെയുണ്ട് എന്ന ചോദ്യഭാവത്തിൽ അന്ത്രോസ്ബ്രദർ ഇമ്മാനുവിനെ നോക്കി. ഇമ്മാനു തള്ളവിരൽ പൊക്കിക്കാണിച്ചു.

“തട്ടുത്തരമൊക്കെ നന്നായിട്ടുണ്ട് അന്ത്രോസേ... പക്ഷേ നീയെന്താ മാസ്ക് ഇടാത്തത്? ഞാൻ പോലീ സിനെ വിളിക്കും.” ഇറ്റ്യാനത്തിന്റെ ഭീഷണി.

ഇതു കേട്ട് രണ്ടു കയ്യും കൂപ്പി, ഇറ്റ്യാനത്തെ വണങ്ങിക്കൊണ്ട് അന്ത്രോസ്ബ്രദർ നിന്നു. കളിയാക്കി ക്കൊണ്ടുള്ള നില്പാണ്. എന്നിട്ട് ഇപ്രകാരം പറഞ്ഞു:

“ഇറ്റ്യാനം ചതിക്കരുത്... സുന്ദരി യല്ലേ? എന്റെ പൊന്നല്ലേ”

ഇത്രയും കേട്ടപ്പോഴേക്കും ഇറ്റ്യാ നത്തിന്റെ മുഖത്ത് ലേശം നാണ ത്തിന്റെ നിഴലാട്ടം.

ഇമ്മാനു എന്നെ നോക്കി ഊറിച്ചി രിച്ചു.

തന്റെ പഴയ സ്കൂട്ടറിൽ മൂപ്പൻ വരുന്നതുകണ്ട് ഇറ്റ്യാനം പറഞ്ഞു: “ദേ നിങ്ങടെ മൂപ്പൻ വരുന്നുണ്ട്. ഹനു മാൻമാസ്കും വച്ചിട്ടുണ്ട്.”

“മൂപ്പനങ്കിൾ കൊറോണ നമുക്ക് വരോ?” ഇമ്മാനുവിന്റെ സംശയം.

“ഡാ, നമുക്കു വരില്ലാന്ന് ഞാൻ പറഞ്ഞില്ലേ?'' അന്ത്രോസ്ബ്രദർ തെല്ല് ദേഷ്യത്തോടെ ഇമ്മാനുവി നോടു ചോദിച്ചു.

“ആണോ മൂപ്പനങ്കിൾ?” ഇമ്മാനു വീണ്ടും മൂപ്പനോട്....

''എഡാ നമുക്ക് കൊറോണ വരില്ല” അന്ത്രോസ്ബ്രദർ പിന്നെയും പറഞ്ഞു. “കാരണം 91-ാം സങ്കീർത്ത നത്തിൽ, നാശകരമായ മഹാമാരി യിൽനിന്നും വിടുവിക്കും എന്നും ഒരു ബാധയും നിന്റെ കൂടാരത്തിനു അടു ക്കയില്ല എന്നും എഴുതിവച്ചിട്ടുണ്ട്. അല്ലേ മൂപ്പാ?”

അന്ത്രോസ്ബ്രദർ തന്റെ ജ്ഞാനം വെളിപ്പെടുത്തിക്കൊണ്ട് മൂപ്പനോട് ചോദിച്ചു.

“ദൈവമക്കൾക്ക് കൊറോണ വരി ല്ല എന്നു 91-ാം സങ്കീർത്തനത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കാൻ പറ്റില്ല.”

മൂപ്പൻ ഇതു പറഞ്ഞ ഉടനെ ഇറ്റ്യാ നംചേടത്തി പൊട്ടിച്ചിരിച്ചു. “ഈ അന്ത്രോസിന്റെ ഒരു വചനപഠനം” എന്നു പറഞ്ഞു കളിയാക്കുകയും ചെയ്തു. അന്ത്രോസ്ബ്രദർ മൂപ്പൻ അവിടെ ഉള്ളതുകൊണ്ടു മാത്രം അതങ്ങു ക്ഷമിച്ചു. ഇതൊന്നും ശ്രദ്ധി ക്കാതെ മൂപ്പൻ തുടർന്നു:

“ഒന്നാമത്, ഇതു പഴയനിയമപ ശ്ചാത്തലത്തിൽ നിന്നുകൊണ്ട് എഴു തിയിട്ടുള്ള സങ്കീർത്തനമാണ്. പുതി യനിയമ പശ്ചാത്തലത്തിൽ നിൽക്കു

ന്നവർ ഈ വരികളെല്ലാം ആക്ഷരീകമായി അങ്ങനെത്തന്നെ നിറവേറും എന്ന ആശയത്തിൽ എടുക്കാതെ, പുതിയനിയമവിശ്വാസികൾക്കുള്ള പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ഈ വരികളെ സമീപിക്കുക."

"രണ്ടാമതായി, ഈ സങ്കീർത്തനത്തിലെ വരികൾ പൊതുവായ നിലയിൽ പറഞ്ഞിട്ടുള്ളതാണ്. അല്ലാതെ ഓരോ വ്യക്തിക്കും എന്ന നിലയിൽ അല്ല. അതായത്, എക്സെപ്ഷൻസ് (exceptions) അഥവാ ഒഴിവാക്കലുകൾ ഉണ്ട് എന്നർത്ഥം. അതുകൊണ്ടാണല്ലോ പഴയനിയമത്തിൽ രക്തസാക്ഷികൾ ഉണ്ടായത്. വേട്ടക്കാരന്റെ കണിയിൽനിന്നും വിടുവിക്കും എന്നു 91:3 ൽ ഉണ്ടല്ലോ. എന്നിട്ട് നാബോത്ത് വിടുവിക്കപ്പെട്ടോ? (1 രാജാ.21) അതാണ് പറഞ്ഞത്, ഇതെല്ലാം പൊതുവെയുള്ള പ്രസ്താവനകളാണ്; വ്യത്യസ്തമായ അനുഭവങ്ങൾ ഉണ്ടാവുക സാധ്യമാണ്."

"മൂന്നാമതായി, 91-ാം സങ്കീർത്തനം ദൈവം തന്റെ ജനത്തോട് സംസാരിക്കുന്ന കാര്യങ്ങളല്ല, പിന്നെയോ ഒരു ഭക്തന് തന്റെ ദൈവമായ യഹോവയിലുള്ള പ്രത്യാശയെ കാണിക്കുന്നതാണ്. അതായത് ദൈവമല്ല ഇവിടെ സംസാരിക്കുന്നത്, ഒരു ഭക്തനാണ്. ദൈവത്തിന്റെ സംസാരമായി ഈ സങ്കീർത്തനത്തിൽ ഉള്ളത് 14-16 വാക്യങ്ങളാണ്. അതിന്റെ സാരമാണെങ്കിൽ, കഷ്ടകാലത്ത് ഞാൻ അവനോടു കൂടെ ഇരിക്കും (വാക്യം 15) എന്നാണ്.ദൈവജനത്തിന് കഷ്ടകാലം ഉണ്ടാവുക സാധ്യമാണ് എന്നാണല്ലോ അതിന്റെ അർത്ഥം."

"നാലാമതായി, ഒരു ബാധയും നിന്റെ കൂടാരത്തിനു അടുക്കയില്ല എന്നു 10-ാം വാക്യത്തിൽ കാണുന്നു. ഏതാണ് ആ കൂടാരം? 9-ാം വാക്യം നോക്കുക. യഹോവേ നീ എന്റെ സങ്കേതമാകുന്നു; നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കിയിരിക്കുന്നു എന്നു അവിടെ ഉണ്ടല്ലോ. അപ്പോൾ യഹോവയാണ് വാസസ്ഥലം. എന്നു വച്ചാൽ, സാക്ഷാൽ ദൈവമാണ് ആ കൂടാരം. ആ കൂടാരത്തോട് യാതൊരു ബാധയും അടുക്കുകയില്ല എന്നാണ് ആശയം."

"അഞ്ചാമതായി, ദൈവം കൂടാരമായി ഇരിക്കുന്നത് ആത്മികമായ അവസ്ഥയിലാണ്. കേവലം ഭൗതികമായ അവസ്ഥയിൽ എന്നതിനേക്കാൾ ആത്മികമായ അവസ്ഥയാണ് ഇവിടെ മുന്നിട്ട് നിൽക്കുന്നത്. ആത്മികമായ അവസ്ഥയിൽ ദൈവജനത്തിനുള്ള സംരക്ഷണത്തെക്കുറിച്ച് ഇവിടെ പറഞ്ഞിരിക്കുന്നു."

മൂപ്പൻ പറഞ്ഞവസാനിപ്പിച്ചപ്പോൾ ഇറ്റ്യാനംചേടത്തി അന്ത്രോസ്ബ്രദറിനെ ഉന്നംവച്ച് ഇങ്ങനെ ചോദിച്ചു. "അപ്പൊ, അന്ത്രോസിന് കൊറോണ വരാം അല്ലേ, മൂപ്പാ?"

"യാക്കോബായക്കാരത്തിയായ ഇറ്റ്യാനം ഇതിൽ എടപെടണ്ട" അന്ത്രോസ്ബ്രദർ അലറി. അത് ശ്രദ്ധിക്കാതെ മൂപ്പൻ പറഞ്ഞു:

"അന്ത്രോസ്ബ്രദറിനു മാത്രമല്ല ഇറ്റ്യാനംചേടത്തിക്കും കൊറോണ വരാം." അപ്പോൾ ഇമ്മാനുവിന്റെ ആത്മഗതം."കൊറോണയ്ക്കെന്ത് സഭ?"

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th January 2021

Posted at
Thrissur RMS

**ആനുകാലികം**

## കോവിഡ്കാലത്തെ കർഷകസമരം!

ഡൽഹി അതിർത്തിയിൽ മൂന്നര ലക്ഷത്തോളം വരുന്ന കർഷകർ നടത്തുന്ന സമരം നമ്മെ അതിശയപ്പെടുത്തുന്നതാണ്. അവരുടെ മനോവീര്യത്തെയും അവർ നടത്തിയ സന്നാഹത്തെയും പ്രശംസിക്കാതിരിക്കാൻ തരമില്ല. ഇതുപോലെയുള്ള സമരങ്ങൾ ഏറെയൊന്നും നാം കണ്ടിട്ടില്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരേ സമയം കോവിഡിനേയും, കേന്ദ്രഗവൺമെന്റിന്റെ കാർഷിക നയങ്ങളെയും, കൊടുംതണുപ്പിനെയും വെല്ലുവിളിച്ച് അവർ നടത്തുന്ന സമരത്തിന്റെ ക്ലൈമാക്സ് ശുഭകരമാകുമോ എന്നു വരും നാളുകളിൽ അറിയാം.

ഡൽഹിയിലെ താപനില മൂന്നു ഡിഗ്രിമാത്രം! വൈക്കോൽകിടക്ക, തീ കായാൻ ടൺ കണക്കിനു വിറക്, വൈദ്യുതഹീറ്ററുകൾ, വെള്ളം ചൂടാക്കാൻ ആയിരക്കണക്കിനു ബർണറുകൾ, പ്രത്യേക വിറകടുപ്പുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന സമൂഹ അടുക്കളകൾ.... കർഷകരെ അഭിനന്ദിക്കാതിരിക്കാൻ വയ്യ. എന്തെല്ലാം ഒരുക്കങ്ങളാണ് ചെയ്തിരിക്കുന്നത്! അവർ പ്രകടിപ്പിക്കുന്ന ഐക്യവും പോരാട്ടവീര്യവും പ്രശംസനീയം തന്നെ!

മൂന്നര ലക്ഷം വരുന്ന കർഷകർ തെരുവിൽ! അവരുടെ ആവശ്യങ്ങളുടെ ശരിതെറ്റുകൾ എത്രയെന്നു നമുക്ക് കൃത്യമായി അറിയണമെന്നില്ല. പക്ഷേ അവരുടെ ആത്മവീര്യം, ഒരു മാസം പിന്നിട്ടിട്ടും അല്പം പോലും കുറഞ്ഞിട്ടില്ല! (അടിസ്ഥാനം: പത്രവാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V